File No.DWCD/1872/2022-ICDSA4

വനിത ശിശു വികസന ഡയറക്ടറേറ്റ്,പൂജപ്പുര,
തിരുവനന്തപുരം-12 ApprovedDate#
Email -swdkerala@gmail.com
Phone : 0471 - 2346534

## സർക്കുലർ

വിഷയം:-: വ.ശി.വി.വ. -ഡയറക്ടറേറ്റ് -അങ്കണവാടി കേന്ദ്രങ്ങളിൽ "ശുചിത്വ- വ്യക്തി ശുചിത്വ ദിനാചരണം "ആചരിക്കുന്നതിനു മാർഗ്ഗനിർദേശം നൽകുന്നത് സംബന്ധിച്ച് :-

സൂചന:- കേന്ദ്ര സർക്കാരിന്റെ 28/04/2022 ലെ F No19/9/2020/CD-1(e-90084) നമ്പർ കത്ത്.

അങ്കണവാടി പരിസരങ്ങളുടെ ശുചിത്വവും അങ്കണവാടി കുട്ടികളുടെ വ്യക്തി ശുചിത്വവും ലക്ഷ്യമിട്ടുകൊണ്ട് എല്ലാ മാസവും ഒരു ദിവസം ശുചിത്വത്തിനു പ്രാധാന്യം നൽകി ആചരിക്കാൻ സൂചനപ്രകാരം കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുണ്ട്. അങ്കണവാടി പ്രവർത്തകർ അങ്കണവാടിയുടെ പരിസരവും കുട്ടികളുടെ ശുചിത്വവും ഉറപ്പുവരുത്തേണ്ടതും അതിന്റെ പ്രാധാന്യത്തെ ക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കാൻ ഉതകുന്ന തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഈ ഉദ്യമത്തിൽ മാതാപിതാക്കൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെ കൂടി പങ്കെടുപ്പിക്കുന്നതിനു പരിശ്രമിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

ഓരോ മാസത്തെയും രണ്ടാമത്തെ തിങ്കളാഴ്ച അങ്കണവാടി ശുചീകരണത്തിനായും നാലാമത്തെ തിങ്കളാഴ്ച അങ്കണവാടി ഗുണഭോക്താക്കളിൽ വ്യക്തി ശുചിത്വം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും അത് പരിശോധിക്കുന്നതിനും കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുണ്ട് ടി ദിവസങ്ങൾ അവധിയായാൽ തൊട്ടടുത്ത ദിവസം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാനും നിർദേശിച്ചിട്ടുണ്ട്.

അങ്കണവാടി ജീവനക്കാരുടെ പ്രൊജക്റ്റ്/സെക്ടർ തല യോഗത്തിൽ സൂചന പ്രകാരമുള്ള കത്തിലെ നിർദ്ദേശങ്ങൾ ജീവനക്കാരെ അറിയിക്കേണ്ടതും ആയതുപ്രകാരമുള്ള നടപടികൾ അങ്കണവാടികളിൽ ആരംഭിക്കേണ്ടതുമാണ് . അങ്കണവാടികളുടെ പരിശോധന വേളയിൽ അങ്കണവാടികളുടെ പരിസര ശുചിത്വവും അങ്കണവാടി ഗുണഭോക്താക്കളുടെ വ്യക്തി ശുചിത്വവും പരിശോധനാ ഉദ്യോഗസ്ഥർ വിലയിരുത്തേണ്ടതും കേന്ദ്ര സർക്കാരിൻെറ നിർദേശം പാലിക്കുന്നതിനു കർശന നിർദേശം നൽകേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.

Signature valid

Digitally signed by Priyanka G
Date: 2022.06.27 17:30:43 IST
Reason: Approved